# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5731
# 25.05.2017 ലെ മറുപടിക്ക്
# എം.എൽ.എ. ആസ്തി വികസന ഫണ്ട്

| | ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്ന മാനദണ്ഡങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത് സ.ഉ.(പി). നം. 332/2012/ധന. തീയതി 11.06.2012 പ്രകാരമാണ്. കാലാനുസൃതമായ മാറ്റങ്ങൾ പ്രസ്തുത ഉത്തരവിൽ വരുത്തിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ പ്രവൃത്തികൾക്കാണ് ആസ്തി വികസനഫണ്ട് വിനിയോഗിക്കാൻ കഴിയുന്നത്; പൊതുകുളങ്ങൾ, ജലസംഭരണികൾ തുടങ്ങിയവ നവീകരിക്കുന്നതിന് ആസ്തി വികസനഫണ്ട് വിനിയോഗിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ? | സർക്കാർ അധീനതയിൽ മൂലധനസ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് ആസ്തി വികസന പദ്ധതി ലക്ഷ്യമിടുന്നത്. എന്നിരുന്നാലും സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിനും വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി വാഹനം വാങ്ങുന്നതിനും ആസ്തി വികസന ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ എയ്ഡഡ് സ്കൂളുകളിൽ പാചകപ്പുര, ശുചിമുറി എന്നിവയുടെ നിർമ്മാണം, ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി പരമാവധി 10 ലക്ഷം രൂപ വീതം ആസ്തി വികസന ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. സർക്കാരിന്റെയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങളും ജലസംഭരണികളും നവീകരിക്കുന്നതിന് ആസ്തി വികസന പദ്ധതിയുടെ വ്യവസ്ഥകൾക്ക് വിധേയമായി ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി വരുന്നുണ്ട്. |
| (സി) | ആസ്തി വികസനഫണ്ട് വിനിയോഗിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് അറിയിക്കാമോ? | ആസ്തി വികസനഫണ്ട് വിനിയോഗിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി സർക്കുലർ നം. 67/2015/ധന. തീയതി 22.07.2015 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ആസ്തി വികസന പദ്ധതി നടപ്പാക്കുന്നതിനായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ.(അ) നം. 41/2017/ധന. തീയതി 25.03.2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ